# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 361** **7-8-2017-ൽ മറുപടിയ്ക്ക്**

**അളവോ വിലയോ രേഖപ്പെടുത്താതെയുള്ള പാക്കിംഗുകൾ**

**ചോദ്യം** **ഉത്തരം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** **ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കുടിവെള്ള കുപ്പികളിലും അരി ഉടങ്ങിയ സാധനങ്ങളുടെ പാക്കിംഗിലും അളവോ വിലയോ രേഖപ്പെടുത്താതെ വില്ക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം പരിശോധനകളിൽ മുന്പ് കൃത്രിമം കണ്ടു പിടിച്ച സ്ഥലങ്ങളിൽ വീണ്ടും പരിശോധന നടത്തുവാൻ നിർദ്ദേശം നൽകുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ പരിശോധനകൾ നടത്തിയതിൽ 202 കേസുകൾ കണ്ടെത്തുകയും 16,86,500/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സിനിമാ തിയേറ്റർ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവിടങ്ങളിലെ ഷോപ്പുകളിൽ പാക്ക്ഡ് കുപ്പികളിലും ടിന്നുകളിലും വിൽക്കുന്ന സാധനങ്ങൾക്ക് യഥേഷ്ടം വില ഈടാക്കുന്നകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (ബി) | 18 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 11 കേസുകൾ കണ്ടെത്തുകയും 45,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിമാനത്താവളം, റെയിൽവേ സ്റ്റേഷൻ ഇവിടങ്ങളിലെ കഫേകളിലും ടീ ഷോപ്പുകളിലും സ്നാക്സ് പാർലറുകളിലും ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുവാൻ അവർക്ക് അധികാരമുണ്ടോ; പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ? | (സി) | വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ പ്രത്യേക കരാർ പ്രകാരം, അളവോ തൂക്കമോ നിശ്ചയിച്ചിട്ടുണ്ടെങ്കിലും പായ്ക്കേജ്ഡ് കമ്മോഡിറ്റികളിൽ രേഖപ്പെടുത്തിയിരിക്കുന്ന MRP-യേക്കാൾ കൂടിയ വില ഈടാക്കുന്ന അവസരങ്ങളിൽ മാത്രമേ ലീഗൽ മെട്രോളജി വകുപ്പിന് നടപടി എടുക്കുവാൻ സാധിക്കൂ. 6 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 10 കേസുകൾ കണ്ടെത്തുകയും 17,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ